നം.കെ.എസ്.എ-കെ.ടി.എം.പി5/1640/16 തീയതി: 27.10.2016

## കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2016 മുതൽ 31.8.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.9.16 മുതൽ 30.9.16 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു സി.ജോർജ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി മേരി ആൻഡ്രൂസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയകുമാരിയമ്മ ജി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഷാജിമോൻ പി.ബി. | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സുലോചന മധു | 1.4.15 മുതൽ 4.10.15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 5.10.15 മുതൽ 14.11.15 വരെ |
| | ശ്രീ.ബി.ബിജുകുമാർ | 15.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീമതി അനിത എം.തോമസ് | 1.4.15 മുതൽ 31.3.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| കൃഷി ഓഫീസർ | ശ്രീമതി അനിത എ.വി. | 1.4.15 മുതൽ 31.3.16 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | വർഗ്ഗീസ് ഈപ്പൻ | 1.4.15 മുതൽ 6.7.15 വരെ |
| | ശ്രീമതി ദിവ്യാ എസ്.നായർ | 6.7.15 മുതൽ 31.3.16 വരെ |
| ഐ.സി.ഡി.എസ്. | ശ്രീമതി ഷിമിമോൾ | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.സീബ എസ്. ബാലകൃഷ്ണൻ | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സീബ മേരി. ഫെർണാണ്ടസ് | 1.4.15 മുതൽ 30.9.15 വരെ |
| | ഡോ.ബേസിൽ തമ്പി | 31.10.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ ആരോഗ്യം | ഡോ.ജയശ്രീ കെ.എൻ. | 1.4.15 മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജിജേഷ് കെ. | 1.4.15 മുതൽ 30.9.15 വരെ |
| | ഡോ.രാജി റോസ് | 1.10.15 മുതൽ31.3.16 വരെ |
| എച്ച്.എം. | ശ്രീമതി അനിത സൂസൻ അലക്സ് | 1.4.15 മുതൽ 31.3.16 വരെ |
| വി.ഇ.ഒ | ശ്രീ.ഗിരീഷ് വി. | 1.4.15 മുതൽ 31.3.16 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1 പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം 2015-16 |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |

| | |
|---|---|
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് |
| 2-3 | സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-4 | സ്ഥാപന തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| 2-5 | സ്ഥാപനം തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടാത്തത് സംബന്ധിച്ച് |
| 2-6 | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ തൊഴിൽനികുതി സംബന്ധിച്ച് |
| 2-7 | ആധാരം എഴുത്തുകാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല |
| 2-8 | ഡി & ഒ ട്രേഡ് ലൈസൻസ് അപാകതകൾ |
| 2-9 | ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച് |
| 2-10 | സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശിക സംബന്ധിച്ച് |
| 2-11 | വാടക-പിഴപലിശ കുറവായി ഈടാക്കിയത് സംബന്ധിച്ച് |
| 2-12 | ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലനടപടികൾ അപാകതകൾ |
| 2-13 | കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) റൂൾസ് 2011 സംബന്ധിച്ച് |
| | ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ-സംയുക്ത പരിശോധന നടത്തുന്നതിൽ വീഴ്ച-പഞ്ചായത്ത് ഫണ്ടിൽ നിന്നും പാഴ്ചെലവ് |
| 3-2 | ഇരുപ്പയ്ക്കൽ പമ്പ് ഹൗസ്-വൈദ്യുതി ചാർജ്ജ് അടവാക്കിയത് – തുക ഈടാക്കേണ്ടതാണ് |
| 3-3 | എസ്എസ്എ – നിക്ഷേപിച്ച തുകയുടെ ഘടകങ്ങൾ തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 3-4 | 2015-16 വാർഷിക പദ്ധതി-റോഡ് ടാറിംഗ്/അനുബന്ധ പ്രവൃത്തികൾ-ബിറ്റുമിന് കമ്പോള വില അധികരിച്ച് ഷെഡ്യൂൾ നിരക്ക് അനുവദിച്ചത് മൂലം കരാറുകാർക്കും ഗുണഭോക്തൃസമിതി കൺവീനർമാർക്കും അവിഹിതമായ ലാഭം ഉണ്ടായത് സംബന്ധിച്ച് |
| 3-5 | സമ്പൂർണ്ണ പുനരധിവാസ പദ്ധതി – നടത്തിപ്പിൽ അപാകതകൾ |
| 3-6 | പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണം – പദ്ധതി പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് – |
| 3-7 | ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – സ്റ്റോക്കിൽ കുറവ് |

| | |
|---|---|
| 3-8 | ഡെപ്പോസിറ്റ് വർക്കുകൾ – പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല – 826150 രൂപ തടസ്സപ്പെടുത്തുന്നു |
| | ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് തിയതിയിലെ 25.3.2015ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ആകെ വരവ് - 51956262.55/- രൂപ

ചലവ് - 4,49,98,111/- രൂപ

ബജറ്റ് -വാസ്തവീകമായ രീതിയിൽ തയ്യാറാക്കിയില്ല.

2015-16 വർഷത്തേയ്ക്കുള്ള ബജറ്റ് വിശദമായ അക്കൗണ്ട് ശീർഷകവും അക്കൗണ്ട് കോഡും അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും ആയത് നിയമം അനുശാസിക്കുന്ന വിധം വാസ്തവീകമായ രീതിയിൽ ആവശ്യമായ മുന്നൊരുക്ക നടപടികൾ പാലിച്ച് തയ്യാറാക്കിയതല്ല.ബജറ്റ് വാസ്തവീകമാകുന്നതിന് വേണ്ടിയാണ് ബജറ്റ് അവതരിപ്പിക്കുന്ന വർഷത്തിന് തൊട്ടുമുമ്പ് പൂർത്തിയായ സാമ്പത്തിക വർഷത്തെ യഥാർത്ഥ കണക്കുകളും നടപ്പ് സാമ്പത്തിക വർഷത്തെ 9 മാസത്തെ യഥാർത്ഥ കണക്കുകളും 3 മാസത്തെ പ്രതീക്ഷിത കണക്കുകളും അടിസ്ഥാനമാക്കിയുള്ള പുതുക്കിയ ബജറ്റും ഉൾപ്പെടുത്തുന്നത്. പ്രസ്തുത കണക്കുകളിൽ നിന്ന് ഏതെങ്കിലും ഇനത്തിനുള്ള വകയിരുത്തലിൽ അടുത്ത വർഷത്തേയ്ക്കുള്ള ബജറ്റിൽ പ്രകടമായ വ്യതിയാനം ഉണ്ടാകുന്നുവെങ്കിൽ ആയതിനുള്ള കാരണം കുറിപ്പുകളിലൂടെ വിശദീകരിക്കേണ്ടതുമാണ്. എന്നാൽ കുറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് വസ്തുനിഷ്ഠമായ രീതിയിൽ തയ്യാറാക്കിയിരുന്നതല്ലയെന്ന് ഓഡിറ്റിൽ നടത്തിയ വിശകലനത്തിൽ വ്യക്തമായിട്ടുണ്ട്. അപാകതകൾ തുടർന്നുള്ള വർഷങ്ങളിൽ പരിഹരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 30.07.2016 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 29.09.2016 | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,78,06,950.55 |
| വരവ് | 3,41,49,312 |
| ആകെ | 5,19,56,262.55 |
| ചെലവ് | 4,49,98,111 |
| നീക്കിയിരിപ്പ് | 69,58,151.55 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 26,01,464 | 70,53,864 | 96,55,328 | 93,70,288 | 2,85,040 | 96.98 |
| വികസനഫണ്ട് എസ്.സി.പി. | 34,95,309 | 50,24,000 | 85,19,309 | 56,54,868 | 28,64,441 | 66.37 |
| വികസനഫണ്ട് ടി.എസ്.പി. | 1,50,975 | 1,66,000 | 3,16,975 | 24,650 | 2,92,325 | 7.78 |
| സംരക്ഷണഗ്രാന്റ് റോഡ് | 3,02,740 | 82,54,000 | 85,56,740 | 79,77,193 | 5,79,547+ 1,18,803= 6,98,350* | 93.22 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 14,10,315 | 23,20,000 | 37,30,315- 1,18,803= 36,11,512* | 17,50,443 | 19,79,872- 1,18,803= 18,61,069* | 53.07 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9,06,919 | 29,03,780 | 38,10,699 | 38,10,699 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 23,87,024 | 0 | 23,87,024 | 4,61,848 | 19,25,176 | 19.34 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 0 | 32,86,200 | 32,86,200 | 32,85,653 | 547 | 99.98 |
| ബി ഫണ്ട് | 0 | 1,72,879 | 1,72,879 | 1,72,879 | 0 | 100 |

## 1-6 പദ്ധതി അവലോകനം 2015-16

ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിയുടെ 24.6.2016 ലെ 590/2015/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം 2015-16 വാർഷികപദ്ധതിയ്ക്ക് അന്തിമാംഗീകാരം ലഭിച്ചു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 227 | 44013975 | 192 | 32112005 | 30 | 5 | 86.78 |

നിർവ്വഹണോദ്യോഗസ്ഥർ തിരിച്ചുള്ള കണക്കുവിവരം ചുവടെ ചേർത്തിട്ടുണ്ട്.

കറുകച്ചാൽ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതി നടത്തിപ്പിനായി വകയിരുത്തിയതും വിനിയോഗിച്ചതുമായ ഫണ്ടിനങ്ങൾ തിരിച്ചുള്ള കണക്കുകൾ (സുലേഖ റിപ്പോർട്ട് പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫണ്ടിനം | വകയിരുത്തിയ തുക(ലക്ഷത്തിൽ) | വിനിയോഗിച്ച തുക(ലക്ഷത്തിൽ) | വിനിയോഗ ശതമാനം |
|---|---|---|---|---|
| 1 | വികസനഫണ്ട് പൊതുവിഭാഗം | 94.55 | 91.70 | 97 |
| 2 | എസ്.സി.പി | 85.19 | 56.55 | 66 |
| 3 | ടി.എസ്.പി | 3.17 | 0.25 | 07 |
| 4 | ധനകാര്യകമ്മീഷൻ അവാർഡ് | 38.11 | 38.11 | 100 |
| 5 | ലോകബാങ്ക് സഹായം | 23.87 | 4.62 | 19.35 |
| 6 | കേന്ദ്രാവിഷ്കൃത ഫണ്ട് | 5.15 | 4.57 | 88 |
| 7 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 2.37 | - | 00 |
| 8 | തനത് ഫണ്ട് | 46.91 | 25.99 | 55 |
| 9 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 8.87 | 1.53 | 17.2 |
| 10 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 85.57 | 79.77 | 93 |
| 11 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 37.30 | 17.50 | 47 |
| 12 | മറ്റുള്ളവ (ഗുണഭോക്തൃവിഹിതം, സന്നദ്ധസേവനം ഉൾപ്പടെ) | 9.07 | 0.53 | 05 |
| | ആകെ | 440.13 | 321.12 | 72.96 |

വിവിധ തീയതികളിൽ ചേർന്ന ഗ്രാമ സഭായോഗങ്ങൾ, പ്രവർത്തന കമ്മറ്റികൾ തുടങ്ങിയവയിലൂടെ ഉയർന്നു വന്ന പ്രോജക്ട് നിർദ്ദേശങ്ങൾ 29-1-15ലെ വികസന സെമിനാറിൽ ചർച്ച ചെയ്ത് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു. വാർഷിക പദ്ധതിയുടെ നിർവ്വഹണം ചുവടെ ചേർത്തിട്ടുള്ളത് പ്രകാരമാണ്.

വാർഷിക പദ്ധതിയുടെ ഭാഗമായ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയതിന്റേയും നടപ്പിലാക്കിയതിന്റെയും സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചുമതലപ്പെടുത്തിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ (തുക ചെലവഴിച്ച) പ്രജക്ടുകളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | 07 | 7 |
| 2 | വെറ്ററിനറി സർജൻ | 05 | 05 |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01 | 01 |
| 4 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01 | 01 |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 02 | 02 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 04 | 04 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 05 | 05 |
| 8 | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | 24 | 20 |
| 9 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ | 03 | 03 |
| 10 | അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | 144 | 125 (തുക വകയിരുത്താതെ ഉൾപ്പെടുത്തിയ 4 പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കണക്കാക്കുന്നു.) |
| 11 | അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | 30 | 18 (എസ്.സി.പി ടി.എസ്.പി പ്രോജക്ടുകൾ )തുക വകയിരുത്താതെ ഉൾപ്പെടുത്തിയ 7 പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കണക്കാക്കുന്നു) |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 |
| | ആകെ | 227 | 192 |

തൻവർഷം തുക ചെലവഴിച്ച എല്ലാ പ്രോജക്ടുകളും പൂർണ്ണമായി നടപ്പിലാക്കിയവയല്ല. നിർബന്ധിത വകയിരുത്തലിന്റെ ഭാഗമായി വകയിരുത്തി മുൻകൂറായി ഒടുക്കിയ തുകയും വിവിധങ്ങളായ നിക്ഷേപ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയും അതാത് പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി തൻവർഷം വിനിയോഗിച്ചിട്ടില്ല. ഇത്തരം പ്രോജക്ടുകളുടെ വിനിയോഗവും ഭൗതിക നേട്ടവും വിലയിരുത്തി മോണിറ്ററിംഗ് റിപ്പോർട്ട്, പ്രോജക്ട് പൂർത്തീകരണ പത്രം (നിർദ്ദിഷ്ട മാതൃകയിലുള്ളത്) എന്നിവ തയ്യാറാക്കേണ്ടതാണ്.

വാർഷിക പദ്ധതിയുടെ രൂപീകരണ/നിർവ്വഹണ നടപടിക്രമങ്ങൾ ഓഡിറ്റിൽ വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന നേട്ടങ്ങൾ /കോട്ടങ്ങൾ, ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

വാർഷികപദ്ധതി നേട്ടങ്ങളും കോട്ടങ്ങളും

നേട്ടങ്ങൾ

1) പശ്ചാത്തല മേഖലാ പ്രവൃത്തികൾക്ക് മുൻഗണന നൽകിയതിനാൽ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളും, ഇടവഴികളും കൂടുതൽ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

2) ആയുർവേദ/ഹോമിയോ ആശുപത്രികളിൽ ആവശ്യത്തിനുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ട്.

3) ഗ്രാമ പഞ്ചായാത്തിലെ അടിസ്ഥാന സൗകര്യങ്ങൾ, കമ്പ്യൂട്ടറുകളുടെ ലഭ്യത, കെട്ടിട നികുതി ഉൾപ്പടെയുള്ള നികുതി പിരിച്ചെടുക്കൽ സംബന്ധിച്ച ഡേറ്റാ ബേസ് തയ്യാറാക്കൽ, തുടങ്ങിയവയിൽ വിജയിച്ചിട്ടുണ്ട്.

കോട്ടങ്ങൾ

1) പശ്ചാത്തല മേഖലാ പ്രോജക്ടുകൾക്ക് പ്രഥമ പരിഗണന നൽകിയതിനാൽ ഉൽപാദന മേഖലയിൽ, പ്രത്യേകിച്ചും കൃഷി മേഖലയിൽ പതിവ് രീതിയിലുള്ള (വാർപ്പ് മാതൃക) പ്രോജക്ടുകൾ മാത്രമാണ് ഏറ്റെടുത്തത്.

2) ഗ്രാമപഞ്ചായത്തിൽ ആധുനിക അറവുശാല നിർമ്മാണത്തിന് തുക വകയിരുത്തിയെങ്കിലും പ്രോജക്ട് നടപ്പാക്കിയില്ല.

3)നിക്ഷേപ പ്രവൃത്തികളുടെയും ഫണ്ട് കൈമാറൽ പ്രോജക്ടുകളുടേയും ചെലവിന് അനുസൃതമായ ഭൗതിക നേട്ടം കൈവരിച്ചിട്ടുണ്ടോ എന്ന് പഞ്ചായത്ത് തലത്തിൽ ഫലപ്രദമായ നിരീക്ഷണവും, വിലയിരുത്തലും നടത്തിയിട്ടില്ല.

4) പദ്ധതി രൂപീകരണ പ്രക്രിയയിലും മോണിറ്ററിംഗിലും സജീവമായി ഇടപെടൽ നടത്താൻ ചുമതലപ്പെട്ട പ്രവർത്തന കമ്മറ്റികൾ പൊതുവെ നിർജീവമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ.

1)ഉൽപാദന മേഖലാ പ്രോജക്ടുകൾക്ക് കൂടുതൽ ഊന്നൽ നൽകാവുന്നതും ഗ്രാമ പഞ്ചായത്തിലെ സവിശേഷ സാഹചര്യങ്ങൾ പരിഗണിച്ചുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിക്കാവുന്നതാണ്.

2) പ്രവർത്തന കമ്മറ്റികളുടെ പ്രവർത്തനവും മോണിറ്ററിംഗിഗ് സംവിധാനവും കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്.

3) പ്രോജക്ട് ഫയലുകളിൽ നിർദ്ദിഷ്ട മാതൃകയിലുള്ള പ്രോജക്ട് പൂർത്തീകരണ പത്രത്തിൽ വിഭാവനം ചെയ്തതും കൈവരിച്ചതുമായ ആസ്തി/ഭൗതിക ലക്ഷ്യങ്ങൾ യൂണിറ്റ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പ്രോജക്ടുകളുടെ നേട്ടങ്ങൾ/കോട്ടങ്ങൾ വ്യക്തമായി രേഖപ്പെടുത്തി മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് തയ്യാറാക്കി സമിതിയിലെ എല്ലാ അംഗങ്ങളും സാക്ഷ്യപ്പെടുത്തേണ്ടതും, ആയത് അതാത് പ്രോജക്ട് ഫയലുകളിൽ സൂക്ഷിക്കേണ്ടതുമാണ്.

4) വ്യക്തിഗത ഗുണഭോക്തൃ പദ്ധതിയിൻ കീഴിൽ ധനസഹായം കൈപ്പറ്റിയവരുടെ സമഗ്രമായ വിവര വ്യൂഹം (ഡാറ്റാ ബേസ്) തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 28 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5841614 | 5321668 | 519946 | (-)8.9 |
| നികുതിയേതര വരവുകൾ | 43566649 | 57965720 | 14399071 | (+)33 |
| മറ്റുവരവുകൾ | 4106 | 5121 | 1015 | (+)24.7 |

| | | | | |
|---|---|---|---|---|
| ആകെ | 49412369 | 63292509 | 13880140 | (+)28 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,04,880 | 75 |
| കർഷകതൊഴിലാളി പെൻഷൻ | 22,89,600 | 263 |
| വിധവാപെൻഷൻ | 55,35,200 | 533 |
| വാർദ്ധക്യകാല പെൻഷൻ | 53,62,800 | 1000 |
| വികലാംഗപെൻഷൻ | 19,71,200 | 182 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1,81,600 | 21 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60,000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.9.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32089 രൂപ(26239 രൂപ ക്യാഷ്+ഇംപ്രസ്റ്റ് 200രൂപ + 5650രൂപ ചെക്ക്) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

ക്യാഷ് വെരിഫിക്കേഷന്റെ ഭാഗമായി സെക്യൂരിറിറി ഡെപ്പോസിറ്റ്, മറ്റ് ഡെപ്പോസിറ്റുകൾ തുടങ്ങിയ ഇനത്തിൽ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളായി വാങ്ങി സൂക്ഷിച്ചിട്ടുള്ളത് പരിശോധിച്ചു. അസിസ്റ്റന്റ് എൻജിനീയറുടെ കസ്റ്റഡിയിൽ വിവിധ തുകകളുടെ 80 സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ സൂക്ഷിച്ചിട്ടുള്ളതായി കാണപ്പെട്ടു. ഇവയിൽ വർഷങ്ങളായി ക്ലെയിം ചെയ്യാതെ കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകയും ഉൾപ്പടുന്നു. പ്രസ്തുത സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ അതാത് ബാങ്ക് മാനേജർമാർ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലേക്ക് ഉചിതമായ വിധം പണയപ്പെടുത്തി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി സീൽ പതിച്ചിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ മെച്ചമാണ്. 17.4.2015ലെ ഓഫീസ് ഉത്തരവ് പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി മുതൽ പാർട്ട് ടൈം ജീവനക്കാർ വരെയുള്ള 15 ജീവനക്കാരുടെ ചുമതലകൾ ശാസ്ത്രീയമായി വിഭജിച്ച് നൽകിയിട്ടുണ്ട്. എങ്കിലും പഞ്ചായത്തിന്റെ ആവർത്തന ചെലവുകളുടെ കൃത്യത നിരീക്ഷിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളും അടിസ്ഥാന വിവരങ്ങളും ലഭ്യമല്ലാത്തതിനാൽ ഇത്തരം ചെലവുകളുടെ

നിജസ്ഥിതി ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം, സ്ഥാപിച്ചിട്ടുള്ള സ്ഥാനം, പൊതുടാപ്പുകളുടെ എണ്ണം, സ്ഥാനം, പ്രവർത്തനക്ഷമമായവയുടേയും അല്ലാത്തവയുടേയും എണ്ണം മുതലായ വിവരങ്ങൾ ആധികാരികമായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി പുതുക്കലുമായി ബന്ധപ്പെട്ട മാപ്പിങ്ങ് നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ഏകദേശം 650 വീടുകളുടെ മാപ്പിങ്ങ് നടപടികൾ പൂർത്തിയാക്കാൻ അവശേഷിക്കുന്നു. പ്രസ്തുത നടപടികൾ പൂർത്തീകരിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിലൂടെയുള്ള അപ്‌ഡേഷൻ പൂർണ്ണമാക്കേണ്ടതാണ്. തനത് വരുമാന സ്രോതസ്സുകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തിയും പാഴ്ച്ചെലവുകൾ ഒഴിവാക്കിയും ധനസ്ഥിതി, ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നിവ ശക്തിപ്പെടുത്തി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.9.16 - 9.9.16 | 8/16 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.9.2008 - 25.9.18 | 1997-98 മുതൽ 2007-08 വരെ | LBA(HQ)/11/8A- 1339/ 227-dt. 24.10.2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

2015-16 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2)റെന്റ് ഡെപ്പോസിറ്റ് ഇനത്തിൽ B(7)ഷെഡ്യൂൾ പ്രകാരം 2,93,732 രൂപ ഡെപ്പോസിറ്റ് ഉണ്ട്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം ഒരു ഷോപ്പിംഗ് കോംപ്ലക്സിലെ 5മുറികളുടെ ഡെപ്പോസിറ്റ് മാത്രം 8,50,000/രൂപയാണ്.മറ്റ് മുറികളുടെ റെന്റ് ഡെപ്പോസിറ്റ് കൂടി കൂട്ടുമ്പോൾ ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി വലിയ അന്തരം കാണുന്നു.

3)B-11(a)ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ 10,73,837രൂപ ചെലവുണ്ട്. എന്നാൽ തൻ വർഷം ഈ ഇനത്തിൽ ചെലവൊന്നും ഇല്ല.

4)RP-3ഷെഡ്യൂൾ പ്രകാരം ഓഡിറ്റോറിയം/ഹാൾ വാടക ഇനത്തിൽ തൻവർഷം 16,000/രൂപ വരവുണ്ട്. എന്നാൽ ഇത് രജിസ്റ്ററിലെ ഈ ഇനത്തിലുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

5) കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വസ്തു നികുതി ഇനത്തിലുള്ള കുടിശ്ശികയുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

## 2-2 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന നികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ 4-ാം ചട്ടം പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് പഞ്ചായത്തു കമ്മിറ്റിയുടെ 28.12.11ലെ 2-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയതനുസരിച്ച് 100 ചതുരശ്രമീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് ഒരു ചതുരശ്രമീറ്ററിന് 50 രൂപ നിരക്കിൽ ഈടാക്കേണ്ടതാണെന്ന് സെക്രട്ടറിയുടെ A3 800/11/30.12.11 നമ്പർ നോട്ടിഫിക്കേഷനിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് 35 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദവിവരം ചുവടെച്ചേർക്കുന്നു(ഫോറം 6പ്രകാരമുള്ള വിവരങ്ങൾ)

| വാർഡ് നം/ കെട്ടിട നം. | പേരും അഡ്രസും | തറവിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| V/674E3 | ജോജി ജോസഫ്, തേവലക്കര, | 150 ച.മീ | 4988(BT)<br>250(L/C) | 7125<br>356 | 2244 | 5% ഇളവ് |
| XIV/476Q | ജോയി ജോസഫ്, പടിഞ്ഞാറേവീട്ടിൽ | 414.48 ച.മീ | 11752<br>588 (L/C) | 16579<br>829 (L/C) | 5068 | 20% ഇളവ്. |
| ആകെ | | | | | 7312 | |

നികുതി കറവായി നിർണ്ണയിച്ചതിന് കാരണമുണ്ടെങ്കിൽ രേഖാമൂലം മറുപടി ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക്(നം.14)കെട്ടിടത്തിന് നികുതി നിർണ്ണയിച്ചപ്പോഴുള്ള ക്ലറിക്കൽ പിഴവാണെന്നും നികുതി പുനർനിർണ്ണയിച്ച് നാളിതുവരെയുള്ള നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതുമാണെന്ന മറുപടി ലഭ്യമാക്കി. കെട്ടിടനികുതി പുനർനിർണ്ണയിച്ച് നാളിതുവരെയുള്ള നഷ്ടം ഈടാക്കി വിവരം അറിയിക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാകാവുന്നതാണ്.

## 2-3 സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | രാജഹംസാശ്രമം സ്കൂൾ ചമ്പക്കര | ഒന്നും രണ്ടും |
| 2 | ഷാൻ തിയേറ്റർ ചമ്പക്കര | ഒന്നും രണ്ടും |
| 3 | ശ്രീദേവി മാച്ച് ഫാക്ടറി | ഒന്നും രണ്ടും |
| 4 | ചമ്പക്കര മാച്ച് ഫാക്ടറി | ഒന്നും രണ്ടും |
| 5 | കടന്തോട് ചിട്ടിഫണ്ട്സ് | ഒന്നും രണ്ടും |
| 7 | ഇൻഡ്യൂസിംഗ് മാർക്കറ്റിംഗ്&ഫിനാൻഷ്യൽ സർവ്വീസ് ലിമിറ്റഡ് | ഒന്നും രണ്ടും |
| 8 | ഗ്രീൻ വാലി എസ്റ്റേറ്റ് കൂത്രപ്പള്ളി | ഒന്നും രണ്ടും |
| 9 | ചമ്പക്കര വുഡ് വർക്ക്സ് | ഒന്നും രണ്ടും |
| 10 | ഷെപ്പേർഡ് ആസ്ബറ്റോസ് ചമ്പക്കര | ഒന്നും രണ്ടും |
| 11 | പുത്തൂരം കേബിൾ നെറ്റ് വർക്ക്സ് | ഒന്നും രണ്ടും |
| 12 | മുളമൂട്ടിൽ ഫിനാൻസിയേഴ്സ് | ഒന്നും രണ്ടും |
| 13 | ചമ്പക്കര ക്ഷീരോത്പാദക സംഘം | രണ്ട് |

| | | |
|---|---|---|
| 14 | വി.ഇ.ഒ. ഓഫീസ് ചമ്പക്കര | ഒന്ന് |
| 15 | കറുകച്ചാൽ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും |
| 16 | പെപ്പർ ഇൻഡ്യാ കോർപ്പറേഷൻ | ഒന്നും രണ്ടും |
| 17 | ത്രിവേണി സൂപ്പർ മാർക്കറ്റ് | ഒന്നും രണ്ടും |
| 18 | അർബൻ ബാങ്ക് വക നീതീ സ്റ്റോർ | ഒന്നും രണ്ടും |
| 18 | കൊശമറ്റം ഫിനാൻസ് നെടുങ്ങാടപ്പള്ളി | ഒന്നും രണ്ടും |

മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പല സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻ വർഷവും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം -17-ന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സ്വീകരിക്കാത്തപക്ഷം നികുതി നഷ്ടം കാലാകാലങ്ങളിലെ സെക്രട്ടറിയുടെയും സെക്ഷൻ ക്ലാർക്കിന്റെയും ബാദ്ധ്യതയായി പരിഗണിക്കുന്നതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

2015-16 സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളുടെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | രാജഹംസാശ്രമം സ്കൂൾ ചമ്പക്കര | ഒന്നും രണ്ടും |
| 2 | ഷാൻ തിയേറ്റർ ചമ്പക്കര | ഒന്നും രണ്ടും |
| 3 | കെ.റ്റി.ഡി.സി.ബീയർ പാർലർ&റസ്റ്റോറന്റ് | ഒന്നും രണ്ടും |
| 4 | ബി.എസ്.എൻ.എൽ ഓഫീസ് കറുകച്ചാൽ | ഒന്നും രണ്ടും |
| 5 | കടന്തോട് ചിട്ടിഫണ്ട്സ് | ഒന്നും രണ്ടും |
| 6 | ഇൻഡ്യൂസിംഗ് മാർക്കറ്റിംഗ്&ഫിനാൻഷ്യൽ സർവ്വീസ് ലിമിറ്റഡ് | ഒന്നും രണ്ടും |
| 7 | ശാരദാ വിദ്യാ മന്ദിരം | ഒന്നും രണ്ടും |
| 8 | കോട്ടയം ജില്ലാ സഹകരണ ബാങ്ക് കറുകച്ചാൽ ശാഖ | രണ്ട് |
| 9 | ക്ഷീരോത്പാദക സംഘം, നെത്തല്ലൂർ | ഒന്നും രണ്ടും |
| 10 | പുത്തൂരം കേബിൾ നെറ്റ് വർക്ക്സ് | ഒന്നും രണ്ടും |
| 11 | മുളമൂട്ടിൽ ഫിനാൻസിയേഴ്സ് | ഒന്നും രണ്ടും |
| 12 | റബർ മാർക്കറ്റിംഗ് സഹകരണസംഘം കറുകച്ചാൽ | ഒന്നും രണ്ടും |
| 13 | മാവേലി സ്റ്റോർ കറുകച്ചാൽ | ഒന്നും രണ്ടും |
| 14 | കറുകച്ചാൽ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും |

| | | |
|---|---|---|
| 15 | ക്യാമൽ റബേഴ്സ് കുത്രപ്പള്ളി | ഒന്നും രണ്ടും |
| 16 | ത്രിവേണി സൂപ്പർ മാർക്കറ്റ് | ഒന്നും രണ്ടും |
| 17 | അർബൻ ബാങ്ക് വക നീതീ സ്റ്റോർ | ഒന്നും രണ്ടും |
| 18 | കൊശമറ്റം ഫിനാൻസ് നെടുങ്ങാടപ്പള്ളി | ഒന്നും രണ്ടും |
| 19 | മിൽക്ക് സൊസൈറ്റി കുത്രപ്പള്ളി | ഒന്നും രണ്ടും |
| 20 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് ലിമിറ്റഡ് | ഒന്നും രണ്ടും |

മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പല സ്ഥാപനങ്ങളിൽ നിന്നും തൻ വർഷവും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം 18ന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സ്വീകരിക്കാത്തപക്ഷം നികുതി നഷ്ടം കാലാകാലങ്ങളിലെ സെക്രട്ടറിയുടെയും സെക്ഷൻ ക്ലാർക്കിന്റെയും ബാദ്ധ്യതയായി പരിഗണിക്കുന്നതാണ്.

## 2-5 സ്ഥാപനം തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്തത് സംബന്ധിച്ച്

കറുകച്ചാൽ ഗ്രാമ പഞ്ചായത്തിന്റെ V1-ാം വാർഡിൽ പ്രവർത്തിക്കുന്ന ഗുരു കോളജ് ഓഫ് നഴ്സിംഗ് എന്ന സ്ഥാപനം തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്തത് സംബന്ധിച്ച് 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക നമ്പർ 2-4(5) പ്രകാരം പരാമർശിച്ചിരുന്നു. എന്നാൽ 2015-16 വർഷവും സ്ഥാപനം തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം-23ന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സ്വീകരിക്കാത്തപക്ഷം നികുതി നഷ്ടം കാലാകാലങ്ങളിലെ സെക്രട്ടറിയുടെയും സെക്ഷൻ ക്ലാർക്കിന്റെയും ബാദ്ധ്യതയായി പരിഗണിക്കുന്നതാണ്.

## 2-6 സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ തൊഴിൽ നികുതി സംബന്ധിച്ച്

1958-ലെ കേരള മണി ലെൻഡിംഗ് നിയമം അനുസരിച്ച് ലൈസൻസ് നേടിയിട്ടുള്ളതും കറുകച്ചാൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നതുമായ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക നം2-4(3) പ്രകാരം പരാമർശിച്ചിരുന്നു. എന്നാൽ 2015-16 സാമ്പത്തിക വർഷവും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ലാ എന്ന് കാണുന്നു. നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ട് എങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.20ന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് |
|---|---|
| 1 | കാട്ടുകുന്നേൽ ബാങ്കേഴ്സ് |
| 2 | കേരള സെൻട്രൽ ബാങ്കേഴ്സ് |
| 3 | കിഴക്കേക്കര ഫൈനാൻസിയേഴ്സ് |
| 4 | എൽ&പി ഫൈനാൻസിയേഴ്സ് |
| 5 | മറിയ ഫൈനാൻസിയേഴ്സ് |
| 6 | നടുവിലേടത്ത് ഫൈനാൻസിയേഴ്സ് |
| 7 | പടവത്ത് ഫൈനാൻസിയേഴ്സ് |
| 8 | വാണിയപ്പുരക്കൽ ഫൈനാൻസിയേഴ്സ് |

| | |
|---|---|
| 9 | പാലക്കൽ ഫൈനാൻസിയേഴ്സ് |

തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കാത്ത പക്ഷം ബാദ്ധ്യത കാലാകാലങ്ങളിലെ സെക്രട്ടറിയുടെയും, സെക്ഷൻ ക്ലാർക്കിന്റെയും ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 2-7 ആധാരം എഴുത്തുകാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആധാരം എഴുത്തുകാരുടെ തൊഴിൽ നികുതി 2015-16 സാമ്പത്തിക വർഷവും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | ശ്രീ.ഗോപാലകൃഷ്ണൻ ബി. (കെ.ഡി.എ/407/ KS/A759 |
| 2 | ശ്രീ.സി.പി.എൻ.പിള്ള KSA396 |
| 3 | ശ്രീ.ഹരിദാസ് പി. KDA367/ KSA/819 |
| 4 | ശ്രീ.റ്റി.സി.വർഗീസ്സ് |
| 5 | ശ്രീ.കെ.സി.അനിൽകുമാർ |
| 6 | ശ്രീ.വി.എസ്.സതീഷ് ബാബു KDA/415/ KSA?484 |
| 7 | ശ്രീ.ചാണ്ടി ഫിലിപ്പ് |
| 8 | ശ്രീ.അബ്ദുൾസലാം റ്റി.എസ്. |

മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പല സ്ഥാപനങ്ങളിൽ നിന്നും തൻ വർഷവും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം-19 ന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സ്വീകരിക്കാത്തപക്ഷം നികുതി നഷ്ടം കാലാകാലങ്ങളിലെ സെക്രട്ടറിയുടെയും സെക്ഷൻ ക്ലാർക്കിന്റെയും ബാദ്ധ്യതയായി പരിഗണിക്കുന്നതാണ്.

## 2-8 ഡി&ഒ ട്രേഡ് ലൈസൻസ് അപാകതകൾ

2015-16 സാമ്പത്തിക വർഷം 459 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിരുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ചട്ടം 10 പ്രകാരം ഏതൊരു സ്ഥാപനവും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപായി ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2015-16 സാമ്പത്തിക വർഷം മേൽ ചട്ടപ്രകാരമല്ല ഭൂരിഭാഗം സ്ഥാപനങ്ങളും ലൈസൻസ് പുതുക്കിയിട്ടുള്ളത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ അപേക്ഷകളിൽ ഭൂരിപക്ഷം അപേക്ഷകളിലും ആവശ്യം ഉണ്ടായിരിക്കേണ്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വിറ്റുവരവ് രേഖപ്പെടുത്താതെ സമർപ്പിക്കുന്ന അപേക്ഷകളിൽ പോലും നാമമാത്രമായ (100, 200രൂപ) നിരക്കിൽ ഫീസ് ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്. വളരെയധികം വിറ്റുവരവുള്ള ഗ്യാസ് ഏജൻസിയിൽ നിന്നുപോലും (ഈടാക്കിയ ഫീസ് 1000 രൂപ) പരമാവധി ഫീസ് ഈടാക്കിയിട്ടില്ല. തൻമൂലം വരുമാന ചോർച്ച സംഭവിക്കുന്നു. അന്വേഷണ റിപ്പോർട്ടിൽ സ്ഥാപനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ചേർക്കുന്നില്ല. മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും അംഗീകാരം നേടി പ്രവർത്തിക്കേണ്ട പല സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഇത്തരം അനുമതിപത്രങ്ങൾ ഉള്ളടക്കം ചെയ്തിട്ടില്ല. ഇതുമൂലം സ്ഥാപനത്തിന് തൻവർഷം വിവിധ വകുപ്പുകളുടെ അംഗീകാരം ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. മാത്രമല്ല സ്ഥാപനത്തെ സംബന്ധിക്കുന്ന പ്രസക്തമായ പല വിവരങ്ങളും ഇത്തരം സർട്ടിഫിക്കറ്റുകളിൽനിന്നും ലഭ്യമാണെന്നിരിക്കെ അനുമതിപത്രങ്ങളുടെ അഭാവം മൂലം പരിശോധനകൾക്ക് പ്രയാസം നേരിടുന്നു. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ, ക്ഷീരോത്പാദക സംഘങ്ങൾ, റബർ ഉൽപാദക സംഘങ്ങൾ എന്നിവയൊന്നും നാളിതുവരെ ലൈസൻസ് പരിധിയിൽ വന്നിട്ടില്ല. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വ്യാപാര/വാണിജ്യ /വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതും, ഈ ഇനത്തിൽ ഉണ്ടാകുന്ന

വരുമാന നഷ്ടം അവസാനിപ്പിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച്

2015-16 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചപ്പോൾ ഈടാക്കേണ്ടിയിരുന്ന നിരക്കിൽ (1996ലെ കേരള പഞ്ചായത്ത് രാജ്(ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം) ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെപേര്/ വ്യാപാരത്തിന്റെ സ്വഭാവം | അപേക്ഷ പ്രകാരം വിറ്റുവരവ് | ഈടാക്കിയ ഫീസ് | രസീത് നമ്പർ/തീയതി | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | മാനേജർ കെ.റ്റി.ഡി.സി. ബീയർ പാർലർ | 30000രൂപ | 500രൂപ | 11402108711/ 17.3.15 | 1000രൂപ | 500രൂപ |
| 2 | അനിൽ നായർ പലചരക്ക് വ്യാപാരം | 15000രൂപ | 200രൂപ | 11502102509/ 23.9.15 | 300രൂപ | 100രൂപ |
| 3 | കുര്യൻ എബ്രാഹം, സുഗന്ധ ദ്രവ്യങ്ങൾ പൊടിച്ച് വിൽപ്പന | 20000രൂപ | 300രൂപ | 11502111796/ 15.5.16 | 500രൂപ | 200രൂപ |
| | ആകെ | | | | | 800രൂപ |

ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനും 21ന് മറുപടി ലഭ്യമാക്കിയില്ല. തക ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-10 സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശിക സംബന്ധിച്ച്

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ വാടക കൃത്യമായി ഈടാക്കുന്നില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടകക്കരാർ 2013 നവംബർ മാസം അവസാനിച്ചിട്ടുള്ളതാണ്. കരാർ പുതുക്കി 2013 ഡിസംബർ മാസം മുതലുള്ള വാടക ഈടാക്കിയിട്ടില്ല.

2) സബ് ട്രഷറി ഓഫീസ് കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് കരാർ ചമച്ച് വാടക നിശ്ചയിച്ച് ഈടാക്കിയിട്ടില്ല.

3) പി.ഡബ്ല്യൂ.ഡി. റോഡ് സെക്ഷൻ ഓഫീസിന്റെ 2014 -ഒക്ടോബർ മാസം മുതലുള്ള വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

4) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാടക കുടിശ്ശിക ഉള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.

വാടക കുടിശ്ശിക ഈടാക്കിയിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 7 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു എന്നറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-11 വാടക-പിഴപലിശ കുറവായി ഈടാക്കിയത് സംബന്ധിച്ച്

2015-16 സാമ്പത്തിക വർഷം വാടക കുടിശ്ശികയ്ക്ക് പിഴപലിശ ഈടാക്കിയപ്പോൾ ഏതാനും കുടിശ്ശികക്കാരിൽ നിന്നും ഈടാക്കേണ്ടിയിരുന്ന നിരക്കിൽ (2%) പിഴപലിശ ഈടാക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാടകക്കാരന്റെ വിവരം | മുറിയുടെ വിവരം | മാസ വാടക | കുടിശ്ശിക കാലയളവ് | ഈടാക്കിയ പിഴപലിശ | രസീത് നമ്പർ, തീയതി | ഈടാക്കേണ്ട പിഴപലിശ പ്രതിമാസം 2% നിരക്കിൽ | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | പി.കെ.ഗോപി പാലക്കൽ | കറുകച്ചാൽ ഷോപ്പിംഗ് കോംപ്ളക്സ് റൂം നമ്പർ -5 | 2308രൂപ | 4/15 മുതൽ 7/15 വരെ 8/15 മുതൽ 3/16 വരെ | ഇല്ല<br>969രൂപ | 11502103111/9.11.15<br>11502104788/4.3.16 | 1292 രൂപ<br>1292 രൂപ | 1292രൂപ<br>323രൂപ |
| 2 | ഹനീഷ്.എ. ഓവേലിൽ | ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളക്സ് റൂം നമ്പർ -5 | 2328രൂപ | 4/15 മുതൽ 12/15 വരെ | 512രൂപ | 11502104319/17.2.16 | 2421 രൂപ | 1909രൂപ |
| 3 | അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രിക്കൽ സെക്ഷൻ | മിനി സിവിൽ സ്റ്റേഷൻ കെട്ടിടം | 6170രൂപ | 4/15 മുതൽ 9/15 വരെ | ഇല്ല | 11502500053/21.10.15 | 2591രൂപ | 2591രൂപ |
| 4 | തോമസ് സ്കറിയ, പ്ലാമൂട്ടിൽ | മാർക്കറ്റ് സ്റ്റാൾ റൂം നമ്പർ 17 | 2439രൂപ | 5/15 മുതൽ 10/15 വരെ | ഇല്ല | 11502103405/ 4.12.15 | 1317രൂപ | 1317രൂപ |
| 5 | എം.എം. തോമസ്, മാത്തിക്കുളം | മാർക്കറ്റ് സ്റ്റാൾ റൂം നമ്പർ 19 | 1065രൂപ | 4/15 മുതൽ 9/15 വരെ | 306രൂപ | 11502103124/ 9.11.15 | 575രൂപ | 269രൂപ |
| 6 | " | " | " | 10/15 മുതൽ 2/16വരെ | 107രൂപ | 11502104317/ 17.2.16 | 213രൂപ | 106രൂപ |
| | ആകെ | | | | | | | 7807 രൂപ |

പിഴപലിശ കുറവായി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം-8ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-12 ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലനടപടികൾ അപാകതകൾ

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബസ്സ്റ്റാന്റിൽ ബസുകളിൽ നിന്നും ഫീസ് പിരിക്കുന്നതിനും ബസുകളുടെ സമയവിവരം അനൗൺസ് ചെയ്ത് ആയതിനുള്ള ഫീസ് പിരിക്കുന്നതിനുമുള്ള അവകാശം ഓരോ വർഷവും ലേലം നടത്തിയാണ് നൽകിവരുന്നത്. ഇതുപ്രകാരം 2015-16 സാമ്പത്തിക വർഷത്തേക്കുള്ള ഫീസ് പിരിക്കുന്നതിനുള്ള അവകാശം 27.03.15 ൽ പഞ്ചായത്ത് ഓഫീസിൽ വച്ച് നടത്തിയ ലേലത്തിൽ ശ്രീ.മനോജ്കുമാർ എ.കെ. അറയ്ക്കൽ എന്നയാൾക്ക് 4,52,000 രൂപയ്ക്ക് ഉറപ്പിക്കുകയും, ലേല നടപടി 31.03.15-ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1V-(2) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1) ഒരു സാമ്പത്തിക വർഷം ബസ്സുകളിൽ നിന്നുള്ള ഫീസ്, അനൗൺസ്മെന്റ് ഫീസ് എന്നീ ഇനങ്ങളിൽ യഥാർത്ഥത്തിലുള്ള വരുമാനം തിട്ടപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിലല്ല ലേല നടപടികൾ നടത്തുന്നത്.

2) 2013-14- ൽ 632500 രൂപയ്ക്ക് ലേലം നടത്തിയ ബസ് സ്റ്റാന്റ്, 2014-15 - ൽ 5,22,500 രൂപയ്ക്കാണ് ലേലം നടത്തി നൽകിയത്. എന്നാൽ 2015-16-ൽ ബസ് സ്റ്റാന്റ് ലേലം ഉറപ്പിച്ചത് 4,52,000 രൂപയ്ക്കാണ്. യഥാർത്ഥ വസ്തുതകൾ പരിശോധിച്ച് വസ്തുതാറിപ്പോർട്ട് തയ്യാറാക്കിയിട്ടാണോ ഇത്തരത്തിൽ മുൻവർഷങ്ങളിൽ നിന്നും കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിക്കുന്നത്? ബസ്സ്റ്റാന്റിൽ ഒരു ദിവസം പ്രവേശിക്കുന്ന ബസ്സുകളുടെ ശരാശരി എണ്ണം തിട്ടപ്പെടുത്താവുന്നതാകയാൽ കരാറുകാരന് പ്രതിവർഷം ലഭിക്കുന്ന ഏകദേശ അറ്റാദായം (സാധാരണ ഗതിയിലുള്ള തടസ്സങ്ങൾ, ലാഭവിഹിതം എന്നിവ കിഴിച്ചത്) നിർണ്ണയിച്ചിട്ടില്ല. ഇപ്രകാരമുള്ള കണക്കാക്കലിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന ലേലതുക നിശ്ചയിക്കാതെയാണ് ലേല നടപടികൾ അംഗീകരിച്ചത്.

3) 31.03.15-ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1V-(2) നമ്പർ തീരുമാനപ്രകാരം ബസ് സ്റ്റാന്റ് ലേലം ഉറപ്പിച്ച നടപടി അംഗീകരിച്ചതായി തീരുമാനിച്ച് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനുശേഷം അജണ്ടയിലെ മറ്റ് വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ രേഖപ്പെടുത്തിയതിനുശേഷം മിനിറ്റ്സിന്റെ അവസാനഭാഗത്ത് തീരുമാന നമ്പർ 1V-(2) വീണ്ടും രേഖപ്പെടുത്തി ലേലതുക കുറയുന്നതിനുള്ള വിശദീകരണം രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം തുടർച്ചയില്ലാതെ മിനിറ്റ്സ് എഴുതിയ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

4)മിനിറ്റ്സ് പ്രകാരം ലേലതുക കുറയുന്നതിനുള്ള ഒരു കാരണമായി വിശദീകരിക്കുന്നത് ചെങ്ങനാശ്ശേരി- വാഴൂർ റൂട്ടിൽ സർവ്വീസ് നടത്തുന്ന 50 ബസ്സുകൾ ചേർന്ന് മൈ ബസ്സ് എന്ന സൊസൈറ്റി രൂപീകരിക്കുകയും ഇവർ മാസത്തിൽ 25 ദിവസത്തെ ബസ്സ്റ്റാന്റ് ഫീസ് മാത്രമാണ് ഒടുക്കുന്നത് എന്നതാണ്. സ്വകാര്യ ബസ്സുടമകൾ ചേർന്ന് തങ്ങളുടെ ബിസിനസ്സ് താത്പര്യം സംരക്ഷിക്കുന്നതിനായി സൊസൈറ്റി രൂപീകരിച്ചതിനാൽ ഫീസിളവ് നൽകുന്നതിന്റെ ആവശ്യകത വിശദീകരിക്കേണ്ടതാണ്. പ്രസ്തുത സൊസൈറ്റി വക ബസ്സുകൾക്ക് ഫീസിളവ് നൽകാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത വിശദീകരണം അംഗീകരിക്കാവുന്നതല്ല.

5)ഹർത്താലുകൾ പണിമുടക്കുകൾ എന്നിവ മൂലം പ്രവൃത്തി ദിനങ്ങൾ നഷ്ടപ്പെടുന്നത് ലേലതുക കുറയുന്നതിന് കാരണമായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഹർത്താലുകൾ പണിമുടക്കുകൾ എന്നിവയൊക്കെ മുൻവർഷങ്ങളിലും നിലനിന്നിരുന്ന സംഗതികളാണ് എന്നിരിക്കെ ഇക്കാരണത്താൽ ഇളവ് നൽകിയതിന് അംഗീകരിക്കാവുന്നതല്ല.

മേൽ പ്രസ്താവിച്ച വിഷയങ്ങൾക്കുള്ള വിശദീകരണം അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6ന് മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ചുള്ള നഷ്ടം നിജപ്പെടുത്തുന്നതിന് കൂടുതൽ അന്വേഷണം ആവശ്യമാകയാൽ ഇത് സംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയെ ചുമതലപ്പെടുത്തുന്നു.

## 2-13 കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) റൂൾസ് 2011 സംബന്ധിച്ച്

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) റൂൾസ് 2011 പബ്ലിഷ് ചെയ്ത് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ഇത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ് എന്ന് പ്രസ്താവിക്കുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തി. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും

സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരീബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ വഴിവാണിഭക്കാർ തുടങ്ങിയവർ രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,800 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ മാനേജ്മെന്റ് ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുണ്ട്. മേൽ വിഷയങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം 22ന് മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും കേന്ദ്രനിയമം നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ-സംയുക്ത പരിശോധന നടത്തുന്നതിൽ വീഴ്ച- പഞ്ചായത്ത് ഫണ്ടിൽ നിന്നും പാഴ്ച്ചെലവ്

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ എല്ലാ മാസവും ടാപ്പിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 89,250 രൂപ (204 ടാപ്പുകൾക്ക്) വാട്ടർ അതോറിറ്റിയിൽ അടവാക്കിവരുന്നു. 2015-2016 വർഷം പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും ഒടുക്കിയ വെള്ളക്കരത്തിന്റെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| വൗച്ചർനം | തുക | ചെക്ക് നം./തീയതി |
|---|---|---|
| 21500062 | 89,250 | 369281/29.4.15 |
| 21500106 | 89,250 | 2225493/21.5.15 |
| 21500171 | 89,250 | 369488/18.615 |
| 21500259 | 89,250 | 0701404/27.7.15 |
| 21500349 | 89,250 | 370094/26.8.15 |
| 21500456 | 89,250 | 071411/29.9.15 |
| 21500524 | 89,250 | 371066/16.10.15 |
| 21500624 | 89,250 | 371088/19.11.15 |
| 21500690 | 89,250 | 371543/16.12.15 |
| 21500803 | 89,250 | 0701422/22.1.16 |
| 21500901 | 89,250 | 372373/19.2.16 |
| 21501066 | 89,250 | 372904/21.3.16 |
| ആകെ | 10,71,000 | |

ജി.ഒ(ആർ.ടി)നം.1801/2006തസ്വഭവ/23.6.2006 മാർഗ്ഗരേഖയിൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനവും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ തീരുമാനം രേഖപ്പെടുത്തിയതിൽ 12.7.2016 VI(II)തീരുമാനം പ്രകാരം സംയുക്ത പരിശോധന നടത്തുന്നതിനായി KWAയ്ക്ക് കത്ത് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ കത്ത് നൽകിയതിന്റെയോ പരിശോധന നടത്തിയതിന്റെയോ വിശദാംശങ്ങൾ ഓഡിറ്റിന് ലഭിച്ചിട്ടില്ല. നിലവിലുള്ള പല ടാപ്പുകളും പ്രവർത്തനക്ഷമമല്ല എന്ന് ഓഡിറ്റിൽ നടത്തിയ അന്വേഷണത്തിൽ അറിയുന്നു.(കൃത്യമായ എണ്ണം തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല.)മേൽ വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/26.9.16)സംയുക്ത പരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതുമൂലം തനതു ഫണ്ടിൽ നിന്നും പാഴ്ച്ചെലവ് ഉണ്ടാകുന്നുണ്ട്. ടാപ്പുകൾ പ്രവർത്തനക്ഷമമല്ലാതായ കാലയളവു മുതൽ നാളിതുവരെ ഇപ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും പാഴ്ച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ നഷ്ടം ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടും അധികൃതർ യഥാസമയം ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ല. ആയതിനാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ എത്രയും വേഗം തിട്ടപ്പെടുത്തി പഞ്ചായത്ത് ഫണ്ടിൽ നിന്നും ഉണ്ടാകുന്ന പാഴ്ച്ചെലവ് ഒഴിവാക്കേണ്ടതാണ്.

## 3-2 ഇരുപ്പയ്ക്കൽ പമ്പ് ഹൗസ് -വൈദ്യുതിചാർജ്ജ് അടവാക്കിയത് -തുക ഈടാക്കേണ്ടതാണ്

ഇരുപ്പയ്ക്കൽ കുടിവെള്ള പദ്ധതി പ്രകാരമുള്ള പമ്പ് ഹൗസിന്റെ (കൺസ്യൂമർ നം.11818)വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും നേരിട്ട് ഒടുക്കുന്നതായി വൗച്ചർ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. 2015-2016 കാലയളവിൽ പഞ്ചായത്ത്ഫണ്ടിൽ നിന്നും ഒടുക്കിയ വൈദ്യുതി ചാർജ്ജിന്റെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| വൗച്ചർനം | തുക | ചെക്ക് നം./തീയതി |
|---|---|---|
| 21500095 | 768 | 369289/12.5.15 |
| 21500150 | 713 | 369480/10.6.15 |
| 21500228 | 1519 | 369508/15.7.15 |
| 21500867 | 630 | 372370/15.2.16 |
| 21500982 | 768 | 372623/14.3.16 |
| ആകെ | 4398 | |

സ.ഉ(സാധാ)നം.1275/2009 തസ്വഭവ/30.5.2009 പ്രകാരം പണി പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുടെ സംരക്ഷണം, നടത്തിപ്പ്, അറ്റകുറ്റപ്പണി എന്നിവ ഗുണഭോക്തൃ സമിതി/ഗുണഭോക്തൃ സൊസൈറ്റികളുടെ ചുമതലയാണ്. ആയതിനാൽ ആവർത്തന ചെലവിനത്തിലുള്ള തുക പഞ്ചായത്ത് ഒടുക്കുന്നത് ക്രമപ്രകാരമല്ല. ഗുണഭോക്തൃ സൊസൈറ്റി രൂപീകരിച്ച് ഗുണഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കി ഒടുക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കിയ തുക ഓഡിറ്റിൽ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ രേഖാമൂലം അറിയിക്കേണ്ടതാണ്എന്ന സൂചിപ്പിച്ചുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.4)തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭിച്ചു. തുക ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 3-3 SSA-നിക്ഷേപിച്ച തുകയുടെ ഘടകങ്ങൾ തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഗവ.എൽ.പി.എസ് ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് നം.0089/16(SSA വിഹിതം) പ്രകാരം സംസ്ഥാന വിഹിതമായുള്ള 35% തുകയായ 5,86,571 രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. ഈ തുക ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, കോട്ടയത്തിന് ഡി.ഡി.നം.247589/14.12.15 പ്രകാരം നൽകിയിട്ടുണ്ട്. കറുകച്ചാൽ ഗ്രാമപഞ്ചായത്തിലെ വിവിധ ഗവ.സ്കൂളിലെ ടീച്ചർമാർക്ക് പരിശീലനം നൽകുന്നതിനും സ്കൂളുകളിലെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും പഠനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാണ് തുക വകയിരുത്തിയിരുന്നത്. എന്നാൽ, പഞ്ചായത്ത് പരിധിയിലുള്ള ഏതൊക്കെ സ്കൂളുകൾക്കായി വിഹിതം ചെലവഴിച്ചു/ഏതൊക്കെ ഇനങ്ങൾക്കായി ചെലവഴിച്ചു എന്നതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച പരിശോധന നടത്തുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനും ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടില്ല. കറുകച്ചാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എസ്.എസ്.എ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരുന്ന സെൻട്രൽ ഷെയർ ഉൾപ്പെടെയുള്ള ആകെ തുകയുടെ (കേന്ദ്രാവിഷ്കൃത പദ്ധതി എന്ന നിലയിൽ) ഘടകങ്ങൾ തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമായാൽ മാത്രമേ വികസന ഫണ്ടിൽ നിന്നും നിക്ഷേപിച്ച തുകയുടെ വിനിയോഗ/ഭൗതിക നേട്ടം വിലയിരുത്താൻ സാധിക്കൂ. ഘടകങ്ങൾ തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിലും ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യങ്ങൾ പരിശോധിച്ചതായി രേഖകളില്ലാത്തതിനാലും പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്താതിരിക്കാൻ കാരണമുണ്ടെങ്കിൽ രേഖാമൂലം അറിയിക്കുന്നതിനായി നൽകിയ എൻക്വയറിക്ക്(നം.5) സർവ്വശിക്ഷാ അഭിയാനിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയെങ്കിലും സെൻട്രൽഷെയർ ഉൾപ്പെടെയുള്ള തുകയുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ കേന്ദ്രവിഹിതമുൾപ്പെടെയുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾകൂടി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 3-4 2015-16 വാർഷിക പദ്ധതി- റോഡ് ടാറിംഗ്/അനുബന്ധ പ്രവൃത്തികൾ- ബിറ്റുമിന് കമ്പോള വില അധികരിച്ച് ഷെഡ്യൂൾ നിരക്ക് അനുവദിച്ചത് മൂലം കരാറുകാർക്കും ഗുണഭോക്തൃ സമിതി കൺവീനർമാർക്കും അവിഹിതമായ ലാഭം ഉണ്ടായത് സംബന്ധിച്ച്

2015-16 വാർഷിക പദ്ധതി- റോഡ് ടാറിംഗ്/അനുബന്ധ പ്രവൃത്തികൾ-കരാറുകാർ, ഗുണഭോക്തൃ സമിതി മുഖേന ഏറ്റെടുത്തിട്ടുണ്ട്. 2014-ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അടിസ്ഥാനമാക്കിയും ഇതോടൊപ്പം കോസ്റ്റ് ഇൻഡക്സ്സ് അനുവദനീയമായ വർദ്ധനവ് ചേർത്തുമാണ് വിവിധ ഇനങ്ങളുടെ എസ്റ്റിമേറ്റ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ടാറിംഗ് വേലകൾക്ക് ആവശ്യമായ ബിറ്റുമിന് മെട്രിക് ടൺ യൂണിറ്റിന് അനുവദിച്ചിട്ടുള്ള അടിസ്ഥാന നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| വി.ജി.-30 ഗ്രേഡ് ബിറ്റുമിൻ | 41,000രൂപ |
| വി.ജി.-10ഗ്രേഡ് ബിറ്റുമിൻ | 50,600രൂപ |
| കൺവേയൻസ് | 106.49രൂപ |
| കോസ്റ്റ് ഇൻഡക്സ്സ് | 1.4095രൂപ |

കറുകച്ചാൽ ഗ്രാമ പഞ്ചായത്തിൽ ബിറ്റുമിൻ ആവശ്യമായ ഒട്ടുമിക്ക പ്രവൃത്തികളും വി.ജി.-30 ഗ്രേഡ് ബിറ്റുമിൻ

ഉപയോഗിച്ചാണ് നിർവ്വഹിച്ചിട്ടുള്ളത്. അനുവദനീയമായ കോസ്റ്റ് ഇൻഡക്സ് വർദ്ധനവ് ഉൾപ്പടെ എസ്റ്റിമേറ്റിൽ ടി ഘടകത്തിന് കണക്കാക്കിയ നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടിസ്ഥാന നിരക്ക് (ക്യാരേജ് ഉൾപ്പടെ) %w.c. | 41,000 രൂപ<br>410 |
| കോസ്റ്റ് കൺവേയൻസ് ഇൻഡക്സ് പ്രകാരമുള്ള വർദ്ധനവ് | 106.49<br>41516.49x1.4095=58517.49 രൂപ<br>58.52/kg |

എന്നാൽ 2015-16 കാലയളവിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വളരെ കുറഞ്ഞ നിലവാരത്തിൽ തുടർന്നിരുന്നതിനാൽ ബിറ്റുമിന്റെ കമ്പോള വിലയും വളരെ കുറവായിരുന്നു. കൺവീനർമാർ ഹാജരാക്കിയ ഇൻവോയ്സ് പ്രകാരമുള്ള നിരക്ക് ചുവടെ ചേർക്കുന്നു. (ഇൻവോയ്സ് നം-6300078522/6.2.16)

| | |
|---|---|
| 9048 മെട്രിക് ടൺ ബിറ്റുമിൻ (58 ബാരൽ x156 കിലോയുടേത് | 266150.72 രൂപ |
| എക്സൈസ് ഡ്യൂട്ടി | 32685 രൂപ |
| വാറ്റ് | 13307.54 രൂപ |
| റൗണ്ടിംഗ് | 0.26 രൂപ |
| ആകെ | 279458 രൂപ |
| കൺവേയൻസ്+കയറ്റിറക്ക് കൂലി | 11600 രൂപ |
| ആകെ (കൺവീനർമാരുടെ കണക്കുകൾ പ്രകാരം) | 291058 രൂപ |

മേൽ സൂചിപ്പിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ ഒരു കിലോഗ്രാം ബിറ്റുമിന്റെ ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള നിരക്കിലും യഥാർത്ഥ കമ്പോള നിരക്കിലും വലിയ വ്യതിയാനം കാണുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് | 58.520/kg |
| കമ്പോള വില 291058<br>_______<br>58x156 | 32.16രൂപ |
| വ്യതിയാനം | 26.36 രൂപ |

ഇപ്രകാരമുള്ള വ്യതിയാനം മൂലം കരാറുകാർക്കും ഗുണഭോക്തൃ സമിതികൾക്കും അവിഹിതമായ ലാഭം ലഭിച്ചിട്ടുണ്ട്. ഗുണഭോക്തൃസമിതി പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളത് ലാഭേച്ഛ കൂടാതെ ആകയാൽ ഷഡ്യൂൾ നിരക്കും കമ്പോള നിരക്കും തമ്മിലുള്ള വ്യതിയാനം ബില്ലിൽ കുറവ് ചെയ്യേണ്ടിയിരുന്നു. എന്നാൽ ബില്ലുകൾ പരിശോധിച്ചതിൽ ഇപ്രകാരമുള്ള കുറവ് വരുത്തിയിട്ടില്ല എന്ന് വ്യക്തമായി.

കറുകച്ചാൽ ഗ്രാമ പഞ്ചായത്ത് വാഴൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്. വാഴൂർ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നിർവ്വഹിച്ച പ്രവൃത്തികളുടെ ബില്ലിൽ ബിറ്റുമിന്റെ കമ്പോള നിരക്കും, ഷെഡ്യൂൾ നിരക്കും തമ്മിലുള്ള വ്യതിയാനം കുറവ് ചെയ്തിട്ടുള്ളതായും കാലി ബാരൽ വിലയായി ബാരലിന് 272.51രൂപ നിരക്കിൽ ഈടാക്കിയിട്ടുള്ളതായും രേഖകൾ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. എന്നാൽ കറുകച്ചാൽ ഗ്രാമ പഞ്ചായത്തിൽ

ബിറ്റുമിന്റെ വില വ്യതിയാനത്തിലുള്ള തുക കുറവ് ചെയ്തിട്ടില്ല എന്നു മാത്രമല്ല കാലി ബാരൽ വിലയിനത്തിൽ 250രൂപ നിരക്കിലാണ് തുക ഈടാക്കിയിട്ടുള്ളത്. കരാറുകാർക്കും/ഗുണഭോക്തൃ സമിതി കൺവീനർമാർക്കും ബിൽ പ്രകാരമുള്ള തുക നൽകുന്നത് നിർണ്ണയിക്കുന്നതിൽ സമീപസ്ഥമായ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പോലും ഏകീകൃത രീതി പിന്തുടരുന്നില്ല എന്ന് മേൽ പൊരുത്തക്കേട് വ്യക്തമാക്കുന്നു. പ്രോജക്റ്റ് നം.s006/06 പ്രകാരം ഏറ്റെടുത്ത മാമ്പതി തകിടിയേൽ ഭാഗം-കുത്തുപ്പള്ളി തകിടിയേൽ റോഡ് എന്ന പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം(74/15-16)വിവിധ ഇനങ്ങൾക്കായി 3328/kg ബിറ്റുമിനും പ്രോജക്റ്റ് നം.s022/16 പ്രകാരം ഏറ്റെടുത്ത പുലിയതുപ്പടി-നെടുങ്ങാടപ്പള്ളി റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം(74/15-16)വിവിധ ഇനങ്ങൾക്കായി 3602/kg ബിറ്റുമിനും ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ ഗുണഭോക്തൃ സമിതി കൺവീനർമാരായ ശ്രീ.കെ.കുമാരൻ നായർ, ശ്രീ.റജി കുര്യാക്കോസ് എന്നിവ സമർപ്പിച്ച സമിതിയുടെ കണക്ക് പ്രകാരം അതാത് പ്രവൃത്തികൾക്ക് മൂല്യനിർണ്ണയം പ്രകാരമുള്ള തുക അധികരിച്ച് തുക ചെലവ് ചെയ്തിട്ടുണ്ട്. എങ്കിലും ബിറ്റുമിന്റെ കയറ്റിറക്ക് കൂലി ഉൾപ്പെടെ ഷെഡ്യൂൾ നിരക്കിലും വളരെ കുറഞ്ഞ തുകയാണ് യഥാർത്ഥത്തിൽ ചെലവ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുന്നു. മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് യഥാക്രമം 87726 രൂപയും 94949 രൂപയും ബിറ്റുമിന്റെ യഥാർത്ഥ ചെലവ് അധികരിച്ച് മൂല്യം കണക്കാക്കി തുക നൽകിയിട്ടുണ്ട്. ഇതു സംബന്ധമായി നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ടാറിംഗ് ജോലികൾ ഗുണഭോക്തൃ സമിതികൾ ഉപകരാർ നൽകിയാണ് നിർവ്വഹിച്ചിട്ടുള്ളതെന്നും ആകെയുള്ള ചെലവ് മൂല്യം അധികരിച്ചുള്ള തുകയായതിനാലും കരാറുകാർക്ക് അനുവദനീയമായ 10% ലാഭവും 5% ഓവർഹെഡ് ചാർജ്ജും നൽകിയിട്ടില്ലാത്തതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. എങ്കിലും ടി വിഷയത്തിൽ കൂടുതൽ വിശദീകരണവും ആവശ്യമാകയാൽ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 സമ്പൂർണ്ണ പുനരധിവാസ പദ്ധതി -നടത്തിപ്പിൽ അപാകതകൾ

ഭൂരഹിത/ഭവനരഹിത ഗുണഭോക്താക്കളുടെ സമ്പൂർണ്ണ പുനരധിവാസപദ്ധതി പ്രകാരം ആദ്യഘട്ടമായി സ്ഥലം വാങ്ങാൻ ധനസഹായം ലഭിച്ചിട്ടുള്ള എല്ലാവർക്കും തുടർന്നുള്ള പദ്ധതിയിൽ ധനസഹായം നൽകിയൊ മറ്റ് രീതിയിലൊ ഭവനം കൂടി നിർമ്മിച്ച് നൽകിയാൽ മാത്രമെ പുനരധിവാസം പൂർത്തിയാകുകയുള്ളൂ. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വസ്തുവാങ്ങലിനായി ധനസഹായം നൽകിയിട്ടുണ്ട്.

1-ശ്രീ.രഞ്ജിത് കുമാർ ആർ. 150000/രൂ

2-ശ്രീമതി ഗീത എം.കെ. 150000/രൂ

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം ആരംഭിച്ചതായോ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതായോ കാണുന്നില്ല. സമ്പൂർണ്ണ പുനരധിവാസ പദ്ധതിയിൻ കീഴിൽ വസ്തു വാങ്ങുന്നതിനായി ധനസഹായം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളേയും കണ്ടെത്തി(മുൻ വർഷത്തെ ഗുണഭോക്താക്കളെ ഉൾപ്പെടെ) പ്രസ്തുത ഗുണഭോക്താക്കളുടെ സമ്പൂർണ്ണ പുനരധിവാസം പൂർത്തിയാക്കി പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-6 പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമാണം- പദ്ധതി പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്-

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പട്ടികജാതി ഭവനനിർമ്മാണം എന്ന പദ്ധതിയിൽ ആകെ 3,00,000/-രൂപ വരെ ധനസഹായം നൽകുന്നതിന് 4 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളതും ഇതിൽ ആദ്യ 3 പേർക്ക് 2,50,000/-രൂപയും ശ്രീ.മധു കെ.കെ.യ്ക്ക് 180000/-രൂപയും അനുവദിച്ച നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | അനുവദിച്ച തുകയുടെ വിശദാംശങ്ങൾ | | | ബാക്കി |
|---|---|---|---|---|
| | ഇൻസ്റ്റാൾമെന്റ് നം | ഡിഡിനം./ തീയതി | തുക | |

| | | | | | |
|---|---|---|---|---|---|
| മാധവി മണി,<br>കുറ്റിപ്പൂവത്തിങ്കൽ,<br>ഉമ്പിടി പി.ഒ.,<br>കറുകച്ചാൽ | 1 | | 326240/<br>17.02.16 | 60,000- | 50000- |
| | 2 | | 326963/<br>16.03.16 | 1,20,000- | |
| | 3 | | 328074/<br>04.04.16<br>ആകെ | 70,000-<br>2,50,000- | |
| വിജയൻ കെ.ജി.,<br>കയ്യാലപ്പറംപി,<br>ചമ്പക്കര പി.ഒ.,<br>കോട്ടയം | 1 | | 326241/<br>17.02.16 | 60,000- | 50000- |
| | 2 | | 326964/<br>16.03.16 | 1,20,000- | |
| | 3 | | 328075/<br>04.04.16<br>ആകെ | 70,000-<br>2,50,000- | |
| ബാലകൃഷ്ണൻ<br>പി.കെ.,<br>പുല്ലനാട്, ഉമ്പിടി<br>പി.ഒ.,<br>കറുകച്ചാൽ | 1 | | 326239/<br>17.02.16 | 60,000- | 50000- |
| | 2 | | 326965/<br>16.03.16 | 1,20,000- | |
| | 3 | | 328076/<br>04.04.16<br>ആകെ | 70,000-<br>2,50,000- | |
| മധു കെ.കെ.,<br>കൊല്ലൂർ<br>കിഴക്കേതിൽ,<br>നെടുങ്ങാടപ്പള്ളി<br>പി.ഒ. | 1 | | 326599/<br>17.03.16 | 60,000- | |
| | 2 | | 328077/<br>04.04.16<br>ആകെ | 1,20,000-<br>1,80,000- | 120000- |

2015-16 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട പ്രസ്തുത ഗുണഭോക്താക്കൾ നാളിതുവരെ ഗഡുക്കൾ പൂർണ്ണമായി വാങ്ങിയിട്ടില്ലാത്തതിനാൽ ഭവനനിർമാണം യഥാവിധി പൂർത്തീകരിച്ചിട്ടില്ല എന്ന് വ്യക്തമാണ്. മുൻവർഷങ്ങളിൽ ധനസഹായം ഭാഗീകമായി കൈപ്പറ്റിയവരും ഭവനനിർമാണം പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ (നം-12)ഭവനനിർമാണം പൂർത്തീകരിച്ചിട്ടില്ലായെന്നും പൂർത്തീകരിക്കുന്നതിനായി 2016-17 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ-സ്റ്റോക്കിൽ കുറവ്

2015-16 വർഷം ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിനായി 247160/19-10-15 നമ്പർ

ഡി.ഡി.പ്രകാരം 3,50,000/-രൂപ ഔഷധി ഏജൻസിക്ക് മുൻകൂറായി നല്കിയിട്ടുണ്ട്. 3450/31-03-16/gpmedicine /2015-16 നം. ഇൻവോയിസ് പ്രകാരം ലഭ്യമാക്കിയ മരുന്നുകളിൽ താഴെ ചേർത്തിരിക്കുന്ന പ്രകാരം കുറവുള്ളതായി കാണുന്നു.

| മരുന്നിന്റെ പേര് | ഇൻവോയിസ് പ്രകാരം | | | സ്റ്റോക്കിലെടുത്തതിന്റെ വിവരം | | |
|---|---|---|---|---|---|---|
| | നിരക്ക് | എണ്ണം | തുക | എണ്ണം | കുറവ് | അധികമായി നൽകിയ തുക |
| കനകാസവം | 54- | 37 | 1998- | 32 | 5 | 270- (54 * 5) |
| അരിമേരാദി തൈലം | 148- | 15 | 2220- | 14 | 1 | 148- |
| ആകെ | | | | | | 418- |

ഇൻവോയിസ് പ്രകാരമുള്ള മുഴുവൻ മരുന്നുകളും വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല. മുൻകൂർ നല്കിയ തുകയ്ക്ക് പൂരകമായ രീതിയിൽ മുഴുവൻ മരുന്നുകളും ലഭ്യമാകാത്ത സാഹചര്യത്തിൽ ഏജൻസി അക്കൗണ്ടിൽ തുക അധികമായി നിലനിൽക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.11/2015-16) ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥ മേൽ വസ്തുത അംഗീകരിക്കുകയും മരുന്നുകൾ സ്റ്റോക്കിൽ കുറവാണെന്ന വിവരം ഔഷധിയെ ധരിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റോക്കിൽ കുറവുള്ള മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും അല്ലാത്തപക്ഷം അധികമായി നില്ക്കുന്ന തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

## 3-8 ഡെപ്പോസിറ്റ് വർക്കുകൾ-പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല - 826150 രൂപ തടസ്സപ്പെടുത്തിയിട്ടുണ്ട്

2015-16 വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഡെപ്പോസിറ്റ് വർക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പദ്ധതിയുടെ വിശദാംശങ്ങൾ | അടങ്കലിന്റെ വിശദാംശങ്ങൾ | | |
|---|---|---|---|---|
| | | തുക | ഡി.ഡി.നം./തുക | തുക നിക്ഷേപിച്ച സ്ഥാപനം |
| 222/16 | കല്ലോല്ലിക്കൽ sc കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ | 1,50,000- | 328067 04.04.16 | ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, kwa, വെള്ളയമ്പലം, തിരുവനന്തപുരം (തിരുവല്ല വാട്ടർ അതോറിറ്റി മുഖേന.) |
| 223/16 | വടക്കത്തുപടി മാമ്പതി കോളനി ലിങ്ക് റോഡ് പൈപ്പ് ലൈൻ നീട്ടൽ | 1,50,000- | 328067 04.04.16 | |
| 239/16 | ബംഗ്ലാംകുന്ന് കോളനിയിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ | 70,000- | 328083 04.04.16 | ഡെപ്യൂട്ടി മാനേജർ, കെൽട്രോൺ ലിമിറ്റഡ്, വെള്ളയമ്പലം, തിരുവനന്തപുരം |
| 240/16 | ഉംബിടി പട്ടികജാതി കോളനിയിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ. 1) ഉംബിടി കോളനിയിൽ നിലവിലുള്ള പോസ്റ്റിൽ 1 acsr rabbit conducting കൂട്ടുന്നതിന് | 54,500- 46,650- | 328081 04.04.16 328081 04.04.16 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, KSEB ഇലക്ട്രിക്കൽ ഡിവിഷൻ, കറുകച്ചാൽ. |

| | | | | |
|---|---|---|---|---|
| | 2)രാജമറ്റം ഉംബിടി റോഡ് മുതൽ ഉംബിടി കോളനി വരെ lt 2 wire line നിർമ്മാണം | | | |

കൂടാതെ, വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച ചുവടെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വൗച്ചർ നം./ചെക്ക് നം. | ചെലവഴിച്ച തുക | ചെലവഴിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 140, മാമ്പതി ഇഞ്ചക്കുഴി കോളനിയിലേക്ക് പൈപ്പ്ലൈൻ നീട്ടൽ | 70,000 | 21501088/26.3.16 | -- | -- |
| കേരള വാട്ടർ അതോറിറ്റി | 141, മാമ്പതി-ഇഞ്ചക്കുഴി കാർമ്മേൽ ഭാഗത്തേക്ക് പൈപ്പ്ലൈൻ നീട്ടൽ | 60,000 | 21501084/26.3.16 | -- | -- |
| കെ.എസ്.ഇ.ബി. | ഗവ.എൽ.പി.എസ്., ചമ്പക്കര വൈദ്യുതീകരണം | 2,25,000 | 21500895/18.2.16 | -- | -- |

ആകെ 8,26,150

പ്രോജക്റ്റ് നം. 222/16, 223/16 എന്നിവയുടെ നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റിയിൽ 300000-രൂപയും പ്രോ.നം.240/16-ന്റെ നടത്തിപ്പിനായി കറുകച്ചാൽ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷനിൽ 101150-രൂപയും നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളുമായി നിശ്ചിത മാതൃകയിൽ കരാർ ചമച്ചിട്ടില്ല. പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് പൂർത്തീകരണ കാലയളവ് ഉൾപ്പെടെയുള്ള വ്യവസ്ഥകളുൾപ്പെടുത്തിയും കരാർ ചമയ്ക്കാതെ തുക നിക്ഷേപിച്ചത് ക്രമപ്രകാരമല്ല.
239/16 നം. പ്രോജക്റ്റ് പ്രകാരം solar led street light systemസ്ഥാപിക്കുന്നതിന് തിരുവനന്തപുരം കെൽട്രോണിൽ 70000-രൂപ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടത്തിപ്പിനായി കെൽട്രോണിന് രേഖാമൂലം നല്കിയിട്ടുള്ള ഓഫറിൽ കെൽട്രോണിൽ സ്ഥാപിക്കുന്ന 20w stand-alone solar led street light system സ്ഥാപിക്കുന്ന തീയതി മുതൽ സിസ്റ്റത്തിന്റെ മെറ്റീരിയൽസ്, വർക്ക്മാൻഷിപ്പ്, മാനുഫാക്ചർ എന്നിവയിലേതിനെങ്കിലുമുണ്ടാകുന്ന കേടുപാടുകൾക്ക് 3 വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്തിരുന്നു. കൂടാതെ തുക നിക്ഷേപിച്ച് 6 മുതൽ 8 ആഴ്ചകൾക്കുള്ളിൽ പണി പൂർത്തീകരിക്കുന്നതാണെന്നും അവകാശപ്പെട്ടിരുന്നു. എന്നാൽ കെൽട്രോൺ പഞ്ചായത്തുമായി ചമച്ച കരാറിൽ 12w stand-alone solar led street light system സ്ഥാപിക്കാമെന്നും ആയതിന് 1 വർഷത്തെ ഗ്യാരന്റി നല്കാമെന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പണി പൂർത്തീകരിക്കുന്നതിന്റെ സമയക്രമം സംബന്ധിച്ച് യാതൊരു വ്യവസ്ഥയും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറിലെ നിബന്ധനകൾ സംബന്ധിച്ച് പഞ്ചായത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിന് യാതൊരു നെഗോസിയേഷനും നടത്തിയതായി കാണുന്നില്ല. ആവശ്യമായ നെഗോസിയേഷൻ നടത്താതെ കരാർ ചമച്ചതിൻമേൽ വിശദീകരണം നൽകേണ്ടതാണ്. പ്രസ്തുത ഡെപ്പോസിറ്റ് വർക്കുകളുടെ നിലവിലെ അവസ്ഥയും ഇവയിൽ പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങളും (പൂർത്തീകരണ സാക്ഷ്യപ്പത്രം സഹിതം) പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും മേൽ സൂചിപ്പിച്ച അപാകങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-13)ന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ/മൂല്യനിർണ്ണയ വിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക 8,26,150 രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്ഥാപനം | വർഷം | തുക | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 3,00,000 | കുറ്റിക്കൽ അംഗനവാടിക്ക് ടോയ്ലറ്റ് ചുറ്റുമതിൽ നിർമ്മാണം | ഇല്ല | 3,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 87,500 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | ഇല്ല | 87,500 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | 140 മാമ്പതി ഇഞ്ചക്കുഴി കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 21501083/26.3.16 | 70,000 | 70,000 | 0 |
| കേരളാ വാട്ടർ അതോറിറ്റി | 141 മാമ്പതി ഇഞ്ചക്കുഴി റോഡ് കാർമ്മേൽ ഭാഗത്തേക്ക് പൈപ്പ്ലൈൻ നീട്ടൽ | 21501084/26.3.16 | 60,000 | 60,000 | 0 |
| കേരളാ വാട്ടർ അതോറിറ്റി | 222 കല്ലോലിക്കൽ എസ്.സി. കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 21501140/29.3.16 | 1,50,000 | 1,50,000 | 0 |
| കേരളാ വാട്ടർ അതോറിറ്റി | 223 വടക്കത്ത് പടി മാമ്പതി കോളനി ലിങ്ക് റോഡ് പൈപ്പ്ലൈൻ നീട്ടൽ | 21501141/29.3.16 | 1,50,000 | 1,50,000 | 0 |
| കെ.എസ്.ഇ.ബി. | 142 ഗവ.എൽ.പി.എസ് ചമ്പക്കര വൈദ്യുതീകരണം | 21500895/18.2.16 | 2,25,000 | 2,25,000 | 0 |
| കെ.എസ്.ഇ.ബി. | 239 പട്ടികജാതി കോളനിയിലേക്ക് സോളാർ ലൈറ്റ് | 21501141/29.3.16 | 70,000 | 70,000 | 0 |
| കെ.എസ്.ഇ.ബി. | 240 ഉമ്പിടി പട്ടികജാതി കോളനിയിലേക്ക് സ്ട്രീറ്റ് | 21501144/29.3.16 | 1,01,150 | 1,01,150 | 0 |

| | | | | | |
|---|---|---|---|---|---|
| | മെയിൻ | | | | |
| ആകെ | | | 8,26,150 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി. എഫ്.സി. ലോൺ (ടാക്സി ഓട്ടോ സ്റ്റാന്റ് നിർമ്മാണത്തിന് സ്ഥലം വാങ്ങൽ) | സ.ഉ (സാ.ധാ) നം. 1346/10 /തസ്വ.ഭ.വ. | 57,00,000 | 21,37,500 | 17,42,371 | 2,32,306 | 3,95,129 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-3 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ - പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാല താമസം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |
| 2000-01 | 3-6 | 2006-07 | 3-34-1 | ജെ.ജി.എസ്.വൈ മാലം മാഞ്ഞുരുത്തി റോഡ് റീ ടാറിംഗ് നടപ്പാക്കിയില്ല | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |
| 1996-97 | | 1999-2000 | 4- പേജ് | ഉപാധിരഹിത ഫണ്ട് ഭവന | അക്കൗണ്ട്സ് |

| | | | | | |
|---|---|---|---|---|---|
| | | | 37 | നിർമ്മാണം അപാകതകൾ | കമ്മറ്റിയുടെ പരിഗണനയിലാണ് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,19,56,262.55 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,49,98,111 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 7,312 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8,26,150 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 7,312 | | സെക്രട്ടറി, ശ്രീമതി അനിത എം.തോമസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 4,71,150 | ശ്രീ.തരുൺകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| | 3,55,000 | ശ്രീമതി അനിത തോമസ്, സെക്രട്ടറി |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അനിത എം.തോമസ് | സെക്രട്ടറി, കറുകച്ചാൽ ഗ്രാമപഞ്ചായത്ത് | കാരിയക്കുളത്ത് വീട്, പാത്താമുട്ടം പി.ഒ., കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1997-98(വരവ്) | എൽ.എഫ്.കെ.പി.8/1177/08/16.4.08 | | |
| 1998-99 (വരവ്) | എൽ.എഫ്.കെ.പി.8/1185/06/18.4/08 | | |
| 1998-99 (ചെലവ്) | എൽ.എഫ്.കെ.പി.8/1/960/അദാ./11/23.8.11 | | |
| 1999-2000 | എൽ.എഫ്.കെ.പി.8/1167/01/6.10.03 | | |
| 2000-01, 01-02 (പ്ലാൻ) | എൽ.എഫ്.കെ.പി.8/636/03/16.4.05 | | |
| 2000-01 | എൽ.എഫ്.കെ.പി.8/470/06/3.12.06/9.1.07 | | |
| 2001-02 | എൽ.എഫ്.കെ.പി.8/827/06/9.4.08 | | |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി.8/8886/05/27.7.06/2.9.06 | | |
| 2003-04 | എൽ.എഫ്.കെ.പി.5/587/15/7.8.15 | | |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി.5/586/15/14.9.15 | | |
| 2005-06 | എൽ.എഫ്.കെ.പി.5/585/15/7.8.15 | | |
| 2006-07 | എൽ.എഫ്.കെ.പി.5/584/15/7.8.15 | | |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി5/447/2016/6.4.10 | | |
| 2008-09 | എൽ.എഫ്.കെ.പി.3/445/10/19.6.12/30.6.12 | | |
| 2009-10 | എൽ.എഫ്.കെ.പി.5/1077/13/9.10.13 | | |
| 2010-11 | എൽ.എഫ്.കെ.പി.5/1078/13/4.9.13 | | |
| 2011-12 | എൽ.എഫ്.കെ.പി.5/158/13/2.7.13 | | |
| 2012-13 | എൽ.എഫ്.കെ.പി.5/1580/14/4.5.15 | | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/1558/15/20.3.16 | | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/731/16/15.6.16 | | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.ടി.എം.പി5/1640/16 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി:27.10.16

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം